# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 335. 01.12.2014 ൽ മറുപടിയ്ക്ക്.

**ഹെൽമറ്റ് ധരിക്കുന്നതിൽ ഇളവ്**

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇരുചക്രവാഹന യാത്രക്കാരിൽ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ആരെയൊക്കെയാണ് ഒഴിവാക്കിയിട്ടുള്ളത് ; | (എ) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ടർബൻ ധരിച്ച് ഇരുചക്ര വാഹനമോടിക്കുന്ന സിഖ് മത വിശ്വാസികളേയും, കേരള മോട്ടോർ വാഹന ചട്ടം 347(എ) പ്രകാരം ഇരുചക്രവാഹനത്തിന്റെ പുറകിലിരുന്നു യാത്ര ചെയ്യുന്ന ആളെയും ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഹെൽമറ്റ് ധരിക്കുന്നതുമൂലം ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നവർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ മാനുഷിക പരിഗണന നൽകി അത്തരക്കാർക്ക് ഇളവ് നൽകുന്നത് പരിഗണിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.